# കേരളസർവകലാശാല

നം.പി.ആർ.73/2021

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

കേരളസർവകലാശാല ഏപ്രിൽ 3, 6 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ./ബി.ബി.എ./ബി.എസ്.സി. മാത്തമാറ്റിക്സ് (എസ്.ഡി.ഇ.) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. ഡിഗ്രി സ്പെഷ്യൽ പരീക്ഷ – മാർച്ച് 2020 ന്റെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 13 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല ഏപ്രിൽ, മെയ് മാസങ്ങളിൽ ആരംഭിക്കുന്ന മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് സെമസ്റ്റർ **5 year integrated MBA BM-MAM (2015 Scheme) (Regular and Supplementary)** പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പെൻഷൻ/ഫാമിലി പെൻഷൻ – മസ്റ്ററിംഗ്

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2021 – 22 വർഷത്തെ മസ്റ്ററിംഗ് 2021 ഏപ്രിൽ 3 മുതൽ മെയ് 15 വരെയാണ്. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചോ, നേരിട്ടു ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനോടൊപ്പം 2021 – 22 സാമ്പത്തിക വർഷത്തെ ആന്റിസിപ്പേറ്ററി ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് കൂടി നൽകേണ്ടതാണ്.

ജീവൻ പ്രമാൺ സംവിധാനം വഴി പെൻഷൻകാർക്ക് പി.പി.ഒ. നമ്പർ, ആധാർ നമ്പർ, മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്/അക്ഷയ/ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

നേരിട്ട് മസ്റ്റർ ചെയ്യുന്നവർ നിർബന്ധമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചുവടെ ചേർത്തിരിക്കുന്ന നമ്പർക്രമം അനുസരിച്ച് കൊടുത്തിട്ടുള്ള തീയതികളിൽ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകേണ്ടതാണ്.

പി.പി.ഒ. നമ്പർ 1 മുതൽ 1654 വരെ – ഏപ്രിൽ 3 മുതൽ 9 വരെ

പി.പി.ഒ. നമ്പർ 1655 മുതൽ 2357 വരെ – ഏപ്രിൽ 12 മുതൽ 17 വരെ

പി.പി.ഒ. നമ്പർ 2358 മുതൽ 2946 വരെ – ഏപ്രിൽ 19 മുതൽ 24 വരെ

പി.പി.ഒ. നമ്പർ 2947 മുതൽ 3504 വരെ – ഏപ്രിൽ 26 മുതൽ മെയ് 1 വരെ

പി.പി.ഒ. നമ്പർ 3505 മുതൽ 4038 വരെ – മെയ് 3 മുതൽ 8 വരെ

പി.പി.ഒ. നമ്പർ 4039 മുതൽ 4373 വരെ – മെയ് 9 മുതൽ 15 വരെ

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**

30.03.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**